"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - 'ഗോത്ര / തീരദേശ / വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പ്ലാൻ സ്കീം -ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ വാഹനം വാങ്ങുന്നത് - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1032/2026/H&FWD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3059/2025/ആ.കു.വ. തീയതി 06.10.2025

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.01.2026 തീയതിയിലെ DHS/9561/2025-UIP2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ 'ഗോത്ര / തീരദേശ / വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പദ്ധതി സ്കീമിനു കീഴിൽ ₹4,52,19,990/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ വാഹനം (4W Drive vehicle with seating capacity of 7) വാങ്ങാനായുള്ള ₹14,99,990/- രൂപയുടെ ഭരണാനുമതി ഉൾപ്പെട്ടിരുന്നു.

2. പരാമർശം (2)ലെ കത്ത് പ്രകാരം, 'ഗോത്ര / തീരദേശ / വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പ്ലാൻ സ്കീം 2025-26 -നു കീഴിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ GURKHA (4*4 2400 WB BSV 15 + D AC) (5 SEATER) എന്ന വാഹനം വാങ്ങാൻ അനുമതി നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത വാഹനത്തിന് നിലവിൽ ₹14,62,531/- രൂപ വിലയുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചിരുന്നു (ഫ്രൈയിറ്റ് ചാർജ്, ട്രാൻസിറ്റ് ഇൻഷ്വറൻസ് & ടി.ആർ., ഐ.ജി.എസ്.ടി - 40% ഉൾപ്പെടെ). വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് കാണിച്ചിട്ടുള്ള മറ്റു ചെലവുകൾ ചുവടെ കാണിച്ചിട്ടുള്ളതിൻ പ്രകാരമാണ് :

1. സ്റ്റേറ്റ് ലൈഫ് മോട്ടോർ ഇൻഷ്വറൻസ് - ₹4,00,000/- രൂപ (ഏകദേശം)
2. രജിസ്ട്രേഷൻ ചാർജ്- ₹1,500/- രൂപ (ഏകദേശം)
3. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് - ₹800/- രൂപ (ഏകദേശം)

4. ടെമ്പററി നമ്പർ ബോർഡ് - ₹500/- രൂപ (ഏകദേശം)

ഇപ്രകാരം നിലവിലെ സാഹചര്യത്തിൽ GURKHA (4*4 2400 WB BSV 15 + D AC) (5 SEATER) വാഹനം വാങ്ങുന്നതിനു മൊത്തം ₹15,05,331/- രൂപ (പതിനഞ്ച് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്നു രൂപ) ചെലവ് വരുമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ടി വാഹനം വാങ്ങുന്നതിനുള്ള തുക '2210-03-110-93-ഗോത്ര/തീരദേശ/വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **ഇടുക്കി ജില്ലയിലെ ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ വാഹനം** - GURKHA (4*4 2400 WB BSV 15 + D AC) (5 SEATER), **വാങ്ങുന്നതിനായി** 'ഗോത്ര/തീരദേശ/വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പ്ലാൻ സ്കീമിനു കീഴിലെ **'2210-03-110-93 (പ്ലാൻ)'** ശീർഷകത്തിനു കീഴിൽ **₹15,05,331/- രൂപയുടെ (പതിനഞ്ചു ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി** നൽകിക്കൊണ്ട് ഉത്തരവാകുന്നു.

4. മേൽ അനുമതി നൽകിയ വാഹനം വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിക്കുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

5. മേൽ ഭേദഗതിയോടെ പരാമർശം (1)ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.3419993/എച്ച്.എൽ.റ്റി.-എ1/30/2026-ധന തീയതി 17.02.2026 പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (നം.PLGEA-A1/52/2026-PLGEA തീയതി 11.03.2026 പ്രകാരം)
സ്റ്റോർ പർച്ചേസ് വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/164/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 12-03-2026 12:58:44

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.